# പതിനാലാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4616 — 18.05.2017- ൽ മറുപടിയ്ക്ക്

## സഹകരണ വകുപ്പിലെ നോൺ - ടീച്ചിംഗ് സ്റ്റാഫുകളുടെ നിയമനം

**ചോദ്യം**

**ശ്രീ. ആർ. രാജേഷ്**

(എ) സംസ്ഥാന സഹകരണ വകുപ്പിന്റെ കീഴിലുള്ള എൻജിനീയറിംഗ് കോളേജുകളിലും ആശുപത്രികളിലും നോൺ - ടീച്ചിംഗ് സ്റ്റാഫുകളുടെ നിയമനത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിലേക്ക് നിയമനത്തിനാവശ്യമായ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(സി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) നിയമനത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കേപ്പിന്റെ കീഴിലുള്ള ഏക ആശുപത്രിയായ ആലപ്പുഴ ജില്ലയിലെ പുന്നപ്ര സാഗര ഹോസ്പിറ്റലിൽ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കാനുള്ള നടപടികൾ നടന്നുവരുന്നു. കേപ്പിന്റെ കീഴിലുള്ള

(ബി) & (സി) എഞ്ചിനീയറിംഗ് കോളേജുകളിലെ ട്രേഡ്സ്മാൻ, ഇൻസ്ട്രക്ടർ ഗ്രേഡ് II, ലൈബ്രേറിയൻ, അസിസ്റ്റന്റ് ഗ്രേഡ് II എന്നീ തസ്തികകളിലെ റാങ്ക് ലിസ്റ്റുകളാണ് നിലവിലുള്ളത്. കേപ്പിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി ഈ റാങ്ക് ലിസ്റ്റിന് ഇനിയും അംഗീകാരം നൽകിയിട്ടില്ല. റാങ്ക് ലിസ്റ്റിൻമേൽ പരാതികൾ ഉയർന്ന സാഹചര്യത്തിൽ പരിശോധന നടത്തിവരികയാണ്. പരിശോധന പൂർത്തിയാക്കുന്ന മുറയ്ക്ക് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

(signature)

**സെക്ഷൻ ഓഫീസർ**